**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 960** **14-01-2021 - ൽ മറുപടിയ്ക്ക്**

**കാലടികുന്ന് റെഗുലേറ്റർ പദ്ധതിയുടെ സ്റ്റാറ്റസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ പി . | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | പട്ടാമ്പി മണ്ഡലത്തിലെ തിരുവേഗപ്പുറ പഞ്ചായത്തിൽ നിർമ്മിക്കുന്ന കാലടികുന്ന് റെഗുലേറ്റർ പദ്ധതിയുടെ സ്റ്റാറ്റസ് വ്യക്തമാക്കാമോ? | (എ) | കാലടിക്കുന്ന് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് (ഡി.പി.ആർ.) കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. കിഫ്ബി യുടെ മാനദണ്ഡപ്രകാരം 10 മീറ്റർ വീതിയുള്ള അപ്രോച്ച് റോഡും അനുബന്ധമായ സൗകര്യങ്ങളും പ്രസ്തുത പദ്ധതിക്ക് ആവശ്യമാണ്. ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ ബുദ്ധിമുട്ട് ആയതിനാൽ റെഗുലേറ്റർ കം ബ്രിഡ്ജിനു പകരം റെഗുലേറ്റർ കം ഫൂട് ബ്രിഡ്ജ് എന്ന ഭേദഗതി വരുത്തുന്നതിന് ബഹുമാനപ്പെട്ട പട്ടാമ്പി എംഎൽഎയും കിഫ്ബി അധികൃതർ, കെ.ഐ.ഐ.ഡി.സി ഉദ്യോഗസ്ഥരും ഇറിഗേഷൻ ഉദ്യോഗസ്ഥരും 03.02.2020ന് പങ്കെടുത്ത യോഗത്തിൽ തീരുമാനിച്ചിരുന്നു. പ്രസ്തുത നിർദ്ദേശപ്രകാരമുള്ള പുതുക്കിയ ഡിസൈൻ ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ ഐ&എ 30.10.2020ന് ലഭ്യമാക്കുകയും അതനുസരിച്ച് പുതുക്കിയ ഡി.പി.ആർ. കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ